**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - 2025 ഡിസംബർ 22 മുതൽ 26 വരെ ഗോവയിൽ സംഘടിപ്പിക്കുന്ന "ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ ത്രൂ ഇ-ഗവേണൻസ് & ICT" എന്ന NPC പരിശീലന പ്രോഗ്രാമിൽ പങ്കെടുക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പിലെ 4 ഉദ്യോഗസ്ഥർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1407/2025/LBR തീയതി,തിരുവനന്തപുരം, 18-12-2025

പരാമർശം:- 1. 16.02.2019 തീയതിയിലെ സ.ഉ.(സാധാ) നം.12/2019/ധന.

2. 05/12/2025 ലെ ഡി.റ്റി/5553/2025-ഐ1 നമ്പരിലുള്ള ട്രെയിനിംഗ് ഡയറക്ടറുടെ കത്ത്

**ഉത്തരവ്**

2025 ഡിസംബർ 22 മുതൽ 26 വരെ ഗോവയിൽ സംഘടിപ്പിക്കുന്ന "ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ ത്രൂ ഇ-ഗവേണൻസ് & ICT" എന്ന NPC പരിശീലന പ്രോഗ്രാമിൽ പങ്കെടുക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പ് കാര്യാലയത്തിലെ ചുവടെ ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥർക്ക് അനുമതി നൽകുന്നതിനുള്ള ശിപാർ പരാമർശം (2) പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി. ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനു ഒരാൾക്കു 70,000/-രൂപ + 18% ജി.എസ്.ടി ഉൾപ്പടെ 82,600/- രൂപ നിരക്കിൽ ആകെ 3,30,400/- രൂപയും, കൂടാതെ അഞ്ചു ദിവസത്തെ ദിനബത്തയും അങ്ങോട്ടും ഇങ്ങോട്ടും ഉള്ള യാത്രാ ബത്തയും അനുവദിക്കണമെന്നും, ഇതിലേക്കുള്ള ചെലവ് 2230-03-001-98-00-34-other charge -3-other items -plan -2025-2026 എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകണമെന്നും ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ. വാസുദേവൻ പി<br>പെൻ 369850 | അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ് |
| 2 | ശ്രീ.ഷമ്മിബക്കർ എ<br>പെൻ 370703 | ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ് |
| 3 | ശ്രീ.സുരേഷ് കുമാർ ആർ<br>പെൻ 367458 | ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈഡ്വൈസർ |
| 4 | ശ്രീ. വിനോദ്കുമാർ ആർ<br>പെൻ 370699 | മാനേജർ ഇ ഗവേർണൻസ് |

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 2025 ഡിസംബർ 22 മുതൽ 26 വരെ ഗോവയിൽ സംഘടിപ്പിക്കപ്പെടുന്ന "ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ ത്രൂ ഇ-ഗവേണൻസ് & ICT" എന്ന NPC പരിശീലന പ്രോഗ്രാമിൽ പങ്കെടുക്കുന്നതിന് ട്രെയിനിങ് ഡയറക്ടേറ്റിലെ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർക്ക് അനുമതി നൽകിയും, പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് ഒരാൾക്ക 70,000/- രൂപ + 18% ജി.എസ്.ടി ഉൾപ്പടെ 82,600/- രൂപ നിരക്കിൽ ആകെ 3,30,400/- രൂപയും, കൂടാതെ അഞ്ചു ദിവസത്തെ ദിനബത്തയും, യാത്രാ ബത്തയും അനുവദിച്ചുകൊണ്ടും, ഇതിലേക്കുള്ള ചെലവ് 2230-03-001-98-00-34-other charge-3-other items-plan-2025-2026 ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Usha Rani L
Date: 18-12-2025 12:33:23
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്സ് ന്